ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശ യാത്രകൾ

312 (1010) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ടൂറിസം വകുപ്പുമന്ത്രി നടത്തിയ വിദേശ യാത്രകൾ എത്ര ; ഏതെല്ലാം രാജ്യങ്ങളിൽ എത്ര തവണ സന്ദർശനം നടത്തിയിട്ടുണ്ട് ; ഓരോ യാത്രയ്ക്കും ചെലവായ തുക എത്ര ;

(ബി) ഓരോ വർഷവും നടത്തിയ വിദേശ യാത്രകളുടെയും, യാത്രയിൽ അനുഗമിച്ച ഉദ്യോഗസ്ഥന്മാരുടേയും ഇതിനായി ഖജനാവിൽനിന്ന് ചെലവായ തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മുൻ സർക്കാരിന്റെ കാലയളവിൽ ടൂറിസം വകുപ്പുമന്ത്രി ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഏതെല്ലാം ഫെയറുകളിൽ പങ്കെടുക്കാൻ വിദേശയാത്ര നടത്തിയിട്ടുണ്ടായിരുന്നു ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ടൂറിസം വകുപ്പുമന്ത്രി 14 വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) മുൻ സർക്കാരിന്റെ കാലയളവിൽ ടൂറിസം വകുപ്പുമന്ത്രി പങ്കെടുത്ത ഫെയറുകൾ

1. ITB Berlin - 2007
2. Arabian Travel Mart, Dubai - 2007
3. World Travel Mart, London - 2007
4. ITB, Asia - Singapore - 2008
5. Sydney - Melbourne Roadshow - 2008
6. Arabian Travel Mart, Dubai - 2010

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly